മിസ്റ്റർ കെ. എ. വേലായുധൻ : എതെങ്കിലും വിജിലൻസ് കമ്മിറ്റിയിൽ ഇപ്പോൾ അധ്യക്ഷതരുണ്ടോ?

Rao Sahib A. Madhava Prabhu (*Chief Secretary to Government*): I want notice. I have not gone into the composition of every Village Vigilance Committee. അതുകൊണ്ട് ഇതിന്റെ തത്വം ഗവൺമെന്റിന് സ്വീകരിക്കുവാൻ യാതൊരാക്ഷേപവുമില്ല. ഏതുകരം ഉണ്ടെന്ന് പേരുകരം കൊടുക്കുന്നപക്ഷം ഇനിയുള്ള ലിസ്റ്റിൽപെടുത്താൻ വിഷമമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : On a point of information, ഇതിന്റെ പേര് വിജിലൻസ് കമ്മിറ്റിയെന്നോ, വില്ലൻ കമ്മിറ്റിയെന്നോ?

റാവുസാഹിബ് എ. മാധവപ്രഭു : എഴുതികാണുന്നതു് വിജിലൻസ് കമ്മറ്റിയെന്നാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ : വില്ലേജ് വിജിലൻസ് കമ്മിറ്റിയിൽ അധ്യക്ഷത്ത് പ്രാതിനിധ്യം കൊടുക്കണമെന്ന തത്വം ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളതുകൊണ്ട് ഞാൻ ഈ ഉപക്ഷേപം സഭയുടെ സമ്മതത്തോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawn.

Demand put and carried.

(2) 14—Police—(Cranganur)

Rao Sahib A. Madhava Prabhu (*Chief Secretary to Government*): Sir, I beg to move that a sum of Rs. 20,396 under 14. Police—Cranganur be granted.

Demand, put and carried.

(3) 23—Education

*മിസ്റ്റർ പി. ഗോവിന്ദമേനോൻ : സർ, വിദ്യാഭ്യാസവകുപ്പിലേക്കുവേണ്ടി ഫൈനാൻസ് മെമ്പറുടെ ധനാഭ്യർത്ഥന പാസാക്കിത്തരുവാൻ ഞാൻ ഈ സഭയോടു് അപേക്ഷിക്കുന്നു. ഈ ബഡ്ഡറ്റിൽ വിദ്യാഭ്യാസവകുപ്പിന്റെ നാനാവശങ്ങളെ ബാധിക്കുന്ന അനേകം ഉപക്ഷേപങ്ങളുണ്ട്. ഉപക്ഷേപങ്ങളിൽ പലതും സമയക്കുറവുമൂലം വാദപ്രതിവാദത്തിനു വരുന്നില്ലെന്നു ഈ സഭയുടെ ഇതേവരെയുള്ള നടപടികളെക്കൊണ്ടു് വ്യക്തമാകുന്നതാണ്. എന്നാൽ ഉപക്ഷേപങ്ങൾമൂലം ഉന്നയിക്കപ്പെടുവാൻ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ആഗ്രഹിക്കുന്ന വിഷയത്തെക്കുറിച്ചു് സഭ അറിയണമെന്നുള്ള ആഗ്രഹം അംഗങ്ങളെ പോലെ തന്നെ ഗവൺമെന്റിനുമുള്ളതുകൊണ്ടു് സാമാന്യമായി ചില സംഗതികൾ ഇവിടെ പറഞ്ഞാൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടു്. ബഹുമാനപ്പെട്ട ഫിനാൻസു മെമ്പർ സഭയുടെ മുമ്പാകെ വെച്ചിട്ടുള്ള Explanatory Memorandum-ൽ നിന്നു ചില സംഗതികൾ മനസ്സിലാക്കുവാൻ സാധിക്കും. ഇക്കൊല്ലത്തെ ബഡ്ഡറ്റ് എസ്റ്റിമേറ്റു് നമ്മുടെ മുമ്പിലുള്ള ബഡ്ഡറ്റ് എസ്റ്റിമേറ്റു് ഇപ്രകാരമാണു്. ഇങ്ങിനെ നോക്കുമ്പോൾ വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിലേക്കു് വരുന്ന കൊല്ലത്തേക്കു പുതിയ ലക്ഷം ഉറുപ്പികയോളം കൂടുതൽ ചിലവു വരുന്നുണ്ടെന്നു സഭക്കു കാണുവാൻ സാധിക്കും. വിദ്യാഭ്യാസ ഡിപ്പാർട്ട്മെണ്ടിനു മറ്റു പ്രത്യേകതയുള്ളതു്, ഈ ഡിപ്പാർട്ടുമെണ്ടിലെ പണം മിക്കവാറും മുഴുവനും ശമ്പളമായിട്ടാണു് ചിലവഴിക്കുന്നതു്. മറ്റു തരത്തിൽ നോക്കുമ്പോൾ മറ്റു ഗവൺമെണ്ടിന്റെ ബഡ്ഡറ്റിലുള്ള പണം മുഴുവൻ ശമ്പളമായിട്ടാണു് പോകുന്നതെന്നു കാണുവാൻസാധിക്കും. ഇതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സ്റ്റിസ്റ്റുകൾക്കു് സ്റ്റോറിന്റെ പ്രതിഫലമായിട്ടാണു് ബഡ്ഡറ്റിൽ സംഖ്യകൾ കൊള്ളിക്കുക എന്നു് തൻമൂലം അപഗ്രഥനം ചെയ്യാൽ മനസ്സിലാക്കുവാൻ സാധിക്കും; നേഷൻ ബിൽഡിംഗ് ഡിപ്പാർട്ടുമെണ്ടു് എന്നറിയപ്പെടുന്ന ഡിപ്പാർട്ടുമെണ്ടു് എടുക്കുകയാണെങ്കിൽ തികച്ചും അതു കാണുവാൻ സാധിക്കും. വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടു് പ്രത്യേകിച്ചും അങ്ങിനെയാണു്. എന്നാൽ ഡയറക്ഷനും ഇൻസ്പെക്ഷനും നീക്കിവെച്ചിട്ടുള്ളതു് ആകെയുള്ള നമ്മുടെ ഡിപ്പാർട്ടുമെണ്ടുകളിൽ ഏറ്റവും കുറവുതന്നെയാണു്. അതുകൊണ്ടു് അധികം ചിലവഴിക്കുന്നു എന്ന കാര്യത്തിൽ യാതൊരു കുറവും ഉണ്ടായിട്ടില്ലെന്നു സഭക്കു കാണുവാൻ സാധിക്കും. Direction and Inspection-നു വേണ്ടി വകകൊള്ളിച്ചിരുന്നതു് ഡിപ്പാർട്ടുമെണ്ടുകളിലാണു്. ഈ ലക്ഷത്തോളം ഉറുപ്പിക കഴിഞ്ഞ കൊല്ല

*Speech not corrected by the Hon'ble Minister.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ത്തിലും കൂടുതൽ ചിലവു വന്നിട്ടുള്ളതു് പ്രൈമറി വിദ്യാഭ്യാസത്തിനാണു്. അതു് Explanatory Memorandum-ന്റെ ൪൪-ാംപേജിലെ ൫-ം, ൬-ം പാരഗ്രാഫ് നോക്കിയാൽ കാണാം. പിന്നെ കൂടുതൽ ചിലവു വന്നിട്ടുള്ളതു് ടെക്കനോളജിക്കൽ ഇൻസ്റ്റിട്ടൂട്ടിന്നു വേണ്ടിയാണു്. ഇങ്ങിനെ നോക്കുകയാണെങ്കിൽ കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തെക്കാൾ ൨൫ ലക്ഷത്തോളം ഉറുപ്പിക സാമാന്യ ജനങ്ങളുടെ വിദ്യാഭ്യാസത്തിന്നുവേണ്ടി ഈ ഡിപ്പാർട്ടുമെണ്ടിൽനിന്നു ചിലവഴിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. ഈ ചിലവുകൾ ഏതെല്ലാം വിധത്തിൽ വന്നുചേർന്നതാണെന്നു ഈ സഭക്കും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാവുന്നതാണു്. എങ്കിലും ഈ ഡിപ്പാർട്ടുമെണ്ടിന്നുവേണ്ടി ഗവമ്മെണ്ടു് കഴിഞ്ഞ എട്ടുപത്തു മാസങ്ങൾക്കുള്ളിൽ ചെയ്തിട്ടുള്ള പ്രവൃത്തികളെ കുറിച്ചു് ഞാൻ അഭിമാനം കൊള്ളുന്നതിനാൽ അവയെക്കുറിച്ചു് സമഗ്രമായി വിഹഗവീക്ഷണസമ്പ്രദായത്തിൽ രണ്ടുവാക്കു പറഞ്ഞാൽ കൊള്ളാമെന്നു എനിക്കാഗ്രഹമുണ്ടു്. ഇനിയും പലതും ചെയ്യുവാനുണ്ടെങ്കിലും ചെയ്തിട്ടുള്ളതിനെക്കുറിച്ചു് അല്പം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൊച്ചി ഇന്നു് ഇൻഡ്യയിലെ മറ്റു പല വിഭാഗങ്ങളേക്കാളും സാക്ഷരതയിൽ വളരെ മുന്നണിയിൽ നില്ക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം കൊച്ചിയിലെ ഗവമ്മെണ്ടും കൊച്ചിയിൽ വിദ്യാഭ്യാസത്തിന്നു പ്രവൃത്തിച്ചിട്ടുള്ള സ്വകായ്യ വ്യക്തികളും സ്ഥാപനങ്ങളും സഹകരിച്ചു പ്രവൃത്തിച്ചിട്ടുള്ളതുകൊണ്ടാണെന്നുള്ളതു് പ്രസിദ്ധമാണു്. ഇങ്ങിനെ നോക്കുമ്പോൾ കൊച്ചിയിലെ പ്രാഥമിക വിദ്യാലയങ്ങളിലുള്ള ൪,൯൦൦ അദ്ധ്യാപകന്മാരിൽ ൧,൯൦൦-ാളം അദ്ധ്യാപകന്മാർ ഗവമ്മെണ്ടു വിദ്യാലയങ്ങളിലും മുവ്വായിരത്തോളം അദ്ധ്യാപകന്മാർ എയിഡഡ് വിദ്യാലയങ്ങളിലുമാണു് ജോലി ചെയ്യുന്നതു്. കൊച്ചി ഗവമ്മെണ്ടു സർവ്വീസിലുള്ള പ്രാഥമികാദ്ധ്യാപകന്മാരും എയിഡഡ് സ്കൂളുകളിലെ പ്രാഥമികാദ്ധ്യാപകന്മാരും ഒരേ വേലതന്നെയാണു് ചെയ്യുന്നതു് എന്നുണ്ടെങ്കിലും ഗവമ്മെണ്ടു സർവ്വീസിലെ പ്രാഥമികാദ്ധ്യാപകന്മാരേക്കാൾ കൂടുതൽ പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ എയിഡഡ് പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു വർദ്ധിച്ചു വന്നിരുന്ന ജീവിതച്ചിലവിന്നു വകകാണുവാൻവേണ്ടി ഗവമ്മെണ്ടിൽ നിന്നും കൊടുത്തിരുന്ന dearness allowance പ്രതിമാസം ൨൦ ക. കിട്ടിയിരുന്നപ്പോൾ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു ൧൦ ക. മാത്രമേ കിട്ടിയിരുന്നുള്ളു. അവരുടെ ഏറ്റവും പ്രധാനമായ ബുദ്ധിമുട്ടിനെ പരിഹരിക്കുന്നതിന്നു അവർക്കും മറ്റുള്ള അദ്ധ്യാപകന്മാരെപോലെ തന്നെ ൨൦ ക. ഡിയർണസ്സ് അലവൻസും കൊടുക്കുവനെന്നുള്ള സംഖ്യ ഈ വിദ്യാഭ്യാസ വർഷത്തിൽ സപ്ലിമെണ്ടറി ഗ്രാന്റു് ഈസഭ പാസാക്കിതന്നു. ഗവമ്മെണ്ടു് ഉത്തരവു പാസാക്കുകയും അതനുസരിച്ചു് അവർക്കു ഇപ്പോൾ കിട്ടിവരുകയും ചെയ്യുന്നുണ്ടു്.

നമ്മുടെ രാജ്യത്തു് ബ്രിട്ടീഷധികാരം നിലനിന്നിരുന്ന കാലത്തു് ഇൻഡ്യൻ നാട്ടുഭാഷകൾ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു് മറ്റു അദ്ധ്യാപകന്മാർക്കുള്ളതുതന്നെ സ്ഥാനം കല്പിച്ചിരുന്നില്ല. ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, മറ്റു വിഷയങ്ങൾ ഇവ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു ടീച്ചർ എന്നപേരിൽപ്രത്യേക രീതിയിലുള്ള ശമ്പളവും കൊടുത്തിരുന്ന അവസരത്തിൽ, സംസ്കൃതം, ഹിന്ദി, മലയാളം എന്നീ ഇൻഡ്യൻ ഭാഷകളെ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരെ മൻഷി എന്നും, പണ്ഡിറ്റ് എന്നുമാണു് നാം വ്യവഹരിച്ചു വന്നിരുന്നതു്. അവർ തമ്മിലുള്ള വ്യത്യാസം ശരിയാണെന്നു് ആരും പറയുന്ന ഒരു സംഗതിയല്ല. ഇക്കഴിഞ്ഞ ബഡ്ജറ്റു വർഷത്തിൽ ഗവമ്മെണ്ടിന്നു വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ വരുത്തുവാൻ സാധിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരങ്ങളിൽ ഒന്നു് ഇരു കൂട്ടരും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കി കെമിസ്ട്രി പഠിപ്പിക്കുന്ന ആളെ കെമിസ്ട്രി ടീച്ചർ എന്നും ഇംഗ്ലീഷു പഠിപ്പിക്കുന്ന ആളെ ഇംഗ്ലീഷു ടീച്ചർ എന്നും സംസ്കൃതം പഠിപ്പിക്കുന്ന ആളെ സംസ്കൃതം ടീച്ചർ എന്നും മലയാളം പഠിപ്പിക്കുന്ന ആളെ മലയാളം ടീച്ചർ എന്നും ഇങ്ങിനെ എല്ലാവരേയും ഒരുപോലെ ആക്കുകയും അവരെ എല്ലാവരേയും സെക്കണ്ടറി ടീച്ചർമാരെന്നു സ്ഥാനനിർദ്ദേശം ചെയ്യുകയും ചെയ്തു എന്നുള്ളതാണു്. അതിലേക്കു വളരെ അധികം പണം ചിലവുചെയ്യേണ്ടിവന്നാലും ആ ചിലവു വൈരുദ്ധ്യമായ ഒരു ചിലവായി ഗവമ്മെണ്ടു കണക്കാക്കുന്നില്ല. ഭരണസംബന്ധമായിട്ടും ചില പരിഷ്കാരങ്ങളെല്ലാം ഡിപ്പാർട്ടുമെണ്ടു് മേലദ്ധ്യക്ഷനും ഡിപ്പാർട്ടുമെണ്ടിലെ മറ്റു ഏക്സ്പർട്ടുമാരുമായി ആലോചിച്ചതിന്നുശേഷം ഗവമ്മെണ്ടു് നടപ്പിൽ വരുത്തീട്ടുണ്ടു്. ഈ വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭാവി വഷ്ത്തിന്റെ ആരംഭംമുതൽ അതു ഏതെല്ലാം തരത്തിൽ പ്രവൃത്തിക്കുന്നു എന്നുള്ളതു് ഗവമ്മെണ്ടു കൌതുകത്തോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

കൊച്ചി ഗവമ്മെണ്ടിനു ൪൫൦—ഓളം സെക്കണ്ടറി അദ്ധ്യാപകന്മാരും വളരെ അധികം പ്രൈമറി അദ്ധ്യാപകന്മാരുമുണ്ടു്. അവരുടെ duty തുടങ്ങുന്നതു് സ്കൂൾ തുറന്നു മൂന്നും നാലും ആഴ്ചകൾ കഴിഞ്ഞിട്ടായിരുന്നു എന്നുള്ളതു് ഈ നാട്ടിലെ പൊതുജനങ്ങൾക്കു വളരെ വേദനയുണ്ടാക്കുന്ന ഒരു വിഷയമായിരുന്നു. അങ്ങിനെ സംഭവിച്ചതു് ആരുടേയും കുറ്റം കൊണ്ടല്ല. വർദ്ധിച്ചുവരുന്ന ക്ലാസ്സുകൾക്കും സ്കൂളുകൾക്കും വേണ്ടവിധത്തിൽ അദ്ധ്യാപകന്മാരെ നിയമിച്ചു കൊടുക്കുന്നതിൽ ഒരു പ്ലാൻ അനുസരിച്ചു പ്രവൃത്തിക്കാതിരുന്നതുകൊണ്ടു് അങ്ങിനെ വന്നതാണു്. ഇപ്പോഴും പ്ലാൻ പൂർത്തിയായിട്ടുണ്ടെന്നു ഞാൻ അഭിമാനിക്കുന്നില്ല. എങ്കിലും സ്കൂൾ തുറക്കുന്നതിനു രണ്ടാഴ്ചക്കുമുമ്പു് മേടമാസത്തിനുള്ളിൽ ഓരോ സ്കൂളുകളിലേക്കുമുള്ള അദ്ധ്യാപകന്മാരെ പോസ്റ്റ് ചെയ്തിരിക്കണമെന്നു് ഗവമ്മെണ്ടു നിർബ്ബന്ധിക്കുന്നു. അതനുസരിച്ചു ഈ വർഷത്തിൽ പ്രവൃത്തിക്കുകയും ചെയ്തിട്ടുണ്ടു്. മേടമാസം ൧൦-ാംനു-യോടുകൂടി സർക്കാർ സവ്വീസ്സിലെ അദ്ധ്യാപകന്മാർ ഏതു സ്കൂളുകളിലാണു് വേല ചെയ്യേണ്ടതെന്നു കാണുവാൻ സാധിക്കും. ഇടവം ൧൫-ാംനു-യോടുകൂടി സാധാരണയായി സ്കൂൾ തുറക്കുന്നു. സ്കൂൾ തുറന്നു കഴിഞ്ഞാൽ തങ്ങൾക്കു എവിടെ ജോലിയുണ്ടോ അവിടെ അവർക്കു സകല സൌകര്യങ്ങളും ഉണ്ടാക്കുമാറു സ്കൂൾ തുറക്കുന്നതിനു ൧൫ ദിവസം മുമ്പു് സവ്വീസു ഓർഡർ കൊടുക്കണമെന്നാണു് നിശ്ചയം. അതനുസരിച്ചു മിക്കവാറും ഈ വർഷം ഉണ്ടായിട്ടുണ്ടു്. അതേ മാതിരിതന്നെ സ്കൂൾ തുറക്കുന്നതിനു രണ്ടാഴ്ചക്കുമുമ്പു് ഓരോ ക്ലാസ്സിലേക്കുമുള്ള കുട്ടികളെ അഡ്മിറ്റു ചെയ്തിരിക്കണം. ഇങ്ങിനെയുള്ള ഏർപ്പാടുകൾ നിമിത്തം വിദ്യാലയങ്ങളിൽ അഡ്മിഷനുവേണ്ടി പോയിരുന്ന അനദ്ധ്യയന ദിവസങ്ങൾ കുട്ടികളുടെ അദ്ധ്യയന ദിവസങ്ങളായി തീർന്നിരിക്കുന്നു. പൊതുജനങ്ങൾക്കു കുറച്ചു ഉപദ്രവമുണ്ടെങ്കിലും രാജ്യമാസകലം ഒരു നിയമമായി വരുമെന്ന ബോദ്ധ്യത്തോടുകൂടി സ്കൂൾ തുറക്കുന്നതിനു ഉദ്ദേശം രണ്ടുമൂന്നാഴ്ചകൾക്കുമുമ്പു് ഓരോ സ്കൂളുകളിലേയും അഡ്മിഷൻ കഴിഞ്ഞിരിക്കണമെന്നു നിർബ്ബന്ധിച്ചിട്ടുണ്ടു്. അതു് ഒന്നാംക്ലാസ്സിനുമാത്രം ബാധകമല്ല. ഒരു പരീക്ഷാർത്ഥം എന്ന പോലെ ഇക്കൊല്ലം തുടങ്ങിയ ഈ ഏർപ്പാടു് മിക്കവാറും വിജയമായിട്ടാണു് കണ്ടിട്ടുള്ളതു്. അടുത്ത വർഷത്തോടുകൂടി അതു പരിപൂർണ്ണമായ വിജയമായി തീരുമെന്നു ഗവമ്മെണ്ടു വിശ്വസിക്കുന്നു.

അതേമാതിരി തന്നെ സ്കൂൾ തുറന്നതിനുശേഷം അപ്പോഴപ്പോൾ ഉണ്ടാകുന്ന അദ്ധ്യാപകന്മാരുടെ സ്ഥലം മാറ്റങ്ങൾമൂലം സ്കൂളുകളിൽ അദ്ധ്യയനത്തിന്നായി വരുന്ന കുട്ടികളുടെ പഠിപ്പിനു തടസ്സം നേരിടുന്നതായി ഗവമ്മെണ്ടിനു ബോദ്ധ്യപ്പെട്ടു. ഒരു സ്കൂളിൽനിന്നു അദ്ധ്യയനകാലങ്ങളിൽ ഒരദ്ധ്യാപകനെ മാറ്റുക എന്നതു് ശാന്തമായുഴലും കുളത്തിൽ കല്ലിടുന്നതു പോലെയാണു്. കുളത്തിൽ കല്ലിട്ടാൽ നാലു ഭാഗത്തേക്കും അലകൾ പോകുന്നതു് പോലെയാകുന്നു അതു്. ഏതെങ്കിലും ഒരു സ്കൂളിൽനിന്നു ഒരു അദ്ധ്യാപകനെ മാറ്റുന്നതാണെങ്കിൽ അനുസരിച്ചു അഞ്ചെട്ടു മാറ്റങ്ങൾ ഉണ്ടാകാതെ കഴികയില്ല; മാറ്റാതെ നിവൃത്തിയുമില്ല. ഓരോ തവണയും മാറ്റങ്ങൾ ഉണ്ടാകുമ്പോൾ ഓരോ മാറ്റത്തിനും ജോയിനിംഗ് ടൈം കൊടുത്തിട്ടു സ്കൂളുകളിലെ പഠിപ്പിനു കുഴപ്പം നേരിടുന്നതായി ഗവമ്മെണ്ടിനു ബോദ്ധ്യമായി. അതുകൊണ്ടു് സവ്വീസ്സിന്റെ ആവശ്യത്തിന്നല്ലാതെ ട്രാൻസ്ഫർ ചെയ്യുവാൻ പാടില്ലെന്നും ഗവമ്മെണ്ടു ഉത്തരവായിട്ടുണ്ടു്. അതും പ്രയോജനപ്പെട്ടിട്ടുണ്ടു്.

മറ്റൊരു കാര്യം കൂടിപറയാനുണ്ടു്. ഈ കാര്യം അദ്ധ്യയനത്തെ തടസ്സപ്പെടാത്ത വിധം നടത്തണമെന്നുള്ള ഗവമ്മെണ്ടിന്റെ ഉൽക്കർഷമൂലം വളരെ പ്രധാനപ്പെട്ട ഒരു രൂപംകൂടി സവ്വീസുറഗുലേഷനിൽ വരുത്തിട്ടുണ്ടു്. സ്കൂൾ വർഷത്തിന്റെ മദ്ധ്യത്തിൽ വെച്ചു ഒരദ്ധ്യാപകനു ൫൫ വയസ്സു് തികഞ്ഞു പുറത്തുപോകേണ്ടിവരിയാണെന്നുണ്ടെങ്കിൽ ആ സ്കൂൾ വർഷാവസാനംവരെ അദ്ദേഹം സവ്വീസ്സിൽ തുടർന്നുപോയിക്കൊള്ളണമെന്ന ഒരു നിയമം ഉണ്ടാക്കീട്ടുണ്ടു്. അതിന്റെ അർത്ഥം ഒരദ്ധ്യാപകനു മകരമാസത്തിലൊ ധനുമാസത്തിലൊ ൫൫ വയസ്സു് തികയുകയാണെങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മീനമാസത്തിൽ മാത്രമേ ൫൫ വയസ്സു തികഞ്ഞു് പെൻഷൻപറ്റി പുറത്തുപോകേണ്ടതുള്ളു. സാമാന്യമായി സവ്വീസ്സിന്റെ കാര്യത്തിൽ ഇതു പ്രയോജനപ്പെട്ടമെന്നാണു് ഗവമ്മെണ്ടിന്റെ വിശ്വാസം.

സ്കൂൾ വർഷത്തിൽ ആകെ എന്നു ൫ ദിവസമോ മറ്റൊ ആണു് നമ്മുടെ സ്കൂളുകൾ പ്രവത്തനം എടുത്തിട്ടുള്ളതു്. ഏവും ദിവസം സ്കൂൾ നടത്തിക്കൊള്ളണമെന്നാണു് നിശ്ചയമെന്നുണ്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

കിലും അവിചാരിതമായി വന്നുചേർന്ന ഒഴിവുകൾമൂലംഇതുവരെ പലപ്പോഴും ഫസൽ, ഫസ്നു ദിവസമേ പഠിപ്പു നടത്തുവാൻ സാധിച്ചുള്ളു. 'കാലത്തിൽ അബ്ബംനിശയായി കഴിഞ്ഞു പോം' എന്നു പറയുമ്പോൾ വളരെ കുറഞ്ഞ സമയമേ കുട്ടികൾക്കു ഇതിൽനിന്നു പഠിക്കുവാൻ കിട്ടുകയുള്ളു. അതിനു ഡിപ്പാർട്ടുമെണ്ടിൽനിന്നും ഗവൺമെണ്ടിൽനിന്നും മറൊരുത്തരവു കൂടാതെതന്നെ ഈ കൊല്ലം ചില ശനിയാഴ്ച ദിവസങ്ങളിൽ പഠിപ്പു നടത്തിയിട്ടുണ്ടു്. ഇനി എല്ലാ ശനി വാരവും പ്രവർത്തനമുള്ള ദിവസമായി തീരുമാനിച്ചു കൊള്ളണമെന്നു് ഉത്തരവു കൊടുത്തിട്ടുണ്ടു്. അതിന്റെ ഫലമായി ഫസ്റ്റ് ഫോറം മുതൽ ടെൻത് ഫോറം വരെയുള്ള working time കൊല്ലത്താലുണ്ടാകണമെന്നാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്.

വിദ്യാലയങ്ങളിൽ സ്കൂൾ തുറന്നതിനു ശേഷം പഠിപ്പു ശരിക്കു നടത്താതിരിക്കുന്നതിനു മറൊരു കാരണം പാഠപുസ്തകങ്ങൾ ശരിക്കു കിട്ടുന്നില്ല എന്നുള്ളതാണു്. പുസ്തകങ്ങൾ ഗവൺമെണ്ടിൽനിന്നും അച്ചടിച്ചു പ്രസിദ്ധം ചെയ്യണമെന്നുള്ളതു് ഈ സഭ വളരെക്കാലമായി ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണു്. ഈ സഭയുടെ ആവർത്തിതമായ ആവശ്യത്തെ മാനിക്കുന്നതിനുവേണ്ടി ഏതാനും മാസങ്ങൾക്കുമുമ്പു് ഇംഗ്ലീഷ് ഒഴിച്ചുള്ള എല്ലാ സ്കൂൾ പാഠപുസ്തകങ്ങളും എഴുതിയുണ്ടാക്കുന്നതിനു പ്രബുദ്ധരും മഹാന്മാരും വിദ്വാന്മാരുമായിട്ടുള്ള ഒരു കൂട്ടം പണ്ഡിതന്മാരേയും എഴുത്തുകാരേയും ചേർത്തു ഒരു കമ്മിറ്റിയുണ്ടാക്കീട്ടുണ്ടു്. ആ കമ്മിറ്റിയുടെ പ്രവർത്തനം ഈ സ്കൂൾ വർഷാരംഭത്തിൽ പൂർത്തിയാകാതിരുന്നതു് അതിനുമുടെക്സ്റ്റ്ബുക്ക് കമ്മിറ്റി പ്രിസ്ക്രൈബ് ചെയ്തിട്ടുള്ള പുസ്തകങ്ങളുടെ കാലാവധി ഫസ്റ്റ് ഫോറം ഇടവത്തിലെ അവസാനിക്കുകയുള്ള എന്നുള്ളതു കൊണ്ടാണു്. ഗവൺമെണ്ടിന്റെ പ്രതീക്ഷ ആ കമ്മിറ്റി അതിന്റെ വേലകൾ പൂർത്തിയാക്കി ഫസ്റ്റ് ഫോറം ഇടവത്തിൽ സ്കൂൾ തുറക്കുന്നതോടുകൂടി എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ കൊടുക്കത്തക്കവിധത്തിലുള്ള ഏർപ്പാടുകൾ ചെയ്യുവാൻ സാധിക്കും എന്നു് ഈ നിയമസഭയിൽ പ്രസ്താവിക്കുവാൻ ഗവൺമെണ്ടു് അനുഗ്രഹിക്കുന്നു.

ഈ നാട്ടിൽ മെഡിക്കൽ കോളേജും എഞ്ചിനീയറിംഗ് കോളേജും ഇല്ലാത്തതുകൊണ്ടു് നമുക്കു വളരെ ബുദ്ധിമുട്ടുണ്ടു്. കൊച്ചി രാജ്യത്തിലെ അഭ്യസ്തവിദ്യരായ രക്ഷിതാക്കന്മാരുടെ കുട്ടികൾ മദിരാശിയിലും ബനാറിസിലും മറവ പുറംപ്രദേശങ്ങളിലുമുള്ള കോളേജുകളിൽ പോയി വിദ്യാഭ്യാസം ചെയ്യുകയാണു് പതിവു്. എന്നാൽ ഏതാനും കൊല്ലങ്ങളായി ഈ വിധത്തിലുള്ള വിദ്യാസമ്പാദനത്തിനു പലവിധത്തിലുള്ള അസൌകര്യങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നുണ്ടു്. അതുകൊണ്ടു് ഞാൻ കുറച്ചുകാലമായി പുറമേയുള്ള ചില കോളേജുകളിൽ കൊച്ചിയിലെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു പ്രവേശനം ലഭിക്കുന്നതിനു പല പരിശ്രമങ്ങളും നടത്തുകയുണ്ടായി. ആ പരിശ്രമത്തിന്റെ ഫലമായി ലേഡി ഹാർഡിഞ്ച് മെഡിക്കൽ കോളേജിൽ ഒരു സീറ്റും യുണൈറ്റഡ് പ്രോവിൻസു് ആഗ്രാ കോളേജിൽ ഒരു സീറ്റും ബിർളാ എഞ്ചിനീയറിംഗ് കോളേജിൽ നാലു സീറ്റും കൂടി എഞ്ചിനീയറിംഗ് കോളേജിൽ രണ്ടു സീറ്റും പുതുതായി നമ്മുടെ രാജ്യത്തേക്കു സമ്പാദിക്കുവാൻ ഗവൺമെണ്ടിനു കഴിഞ്ഞിട്ടുണ്ടു്. (ഹിയർ, ഹിയർ). വേറെ പല പ്രദേശങ്ങളിലും കൂടി പരിശ്രമിച്ചിട്ടുണ്ടു്. അതിനും കൂടുതൽ അനുകൂലമായ മറുപടികൾ ഉണ്ടാകുമെന്നു വിശ്വസിക്കുന്നു.

മറൊരു കാര്യം എനിക്കു ഈ സഭയിൽ പറയുവാനുള്ളതു് കോളേജുവിദ്യാഭ്യാസത്തെപ്പറ്റിയാണു്. കൊച്ചിയിൽ ഇന്നു പല കോളേജുകളുമുണ്ടെങ്കിലും സർക്കാരിൽനിന്നു എറണാകുളത്തുള്ള മഹാരാജാസു് കോളേജുമാത്രമാണു് നടത്തിപ്പോരുന്നതു്. ബി.എ., ബി.എസ്സു്. സി. മുതലായ ക്ലാസ്സുകളിൽ മഹാരാജാസു് കോളേജിൽ പഠിപ്പിക്കുവാൻ സൌകര്യമുള്ളപ്പോഴും തൃശ്ശിനാപ്പള്ളി, മദിരാശി മുതലായ പ്രദേശങ്ങളിലെ കോളേജുകളിൽ പഠിച്ചിരുന്നവരിൽ നല്ലൊരു ഭാഗം കുട്ടികൾ കുറച്ചുകാലം മുമ്പുവരെ ഉപരിപഠനത്തിനുവേണ്ടി കൊച്ചിയിൽനിന്നു പോയിട്ടുള്ള വിദ്യാർത്ഥിവിദ്യാർത്ഥിനികളായിരുന്നു എന്നു അറിയുവാൻ സാധിക്കും. പക്ഷെ, ഏതാനും കൊല്ലങ്ങളായി കൊച്ചിരാജ്യക്കാരായ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു ഈ വിധത്തിലുള്ള സർവ്വകലാശാലകളിൽ, കലാലയങ്ങളിൽ സ്ഥാനം കിട്ടുന്നതിനു പലവിധത്തിലുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടു്. ആ രാജ്യങ്ങളിലെ ആളുകളുടെ വിദ്വാദാഹം കൊച്ചിയിലെ ജനങ്ങളോടൊപ്പം വരുന്നതോടുകൂടി ഈ വൈഷമ്യം വർദ്ധിച്ചുവരുവാനാണു് ഇടയുള്ളതു്. അതുകൊണ്ടു് മഹാരാജാസു് കോളേജിൽ രണ്ടു മൂന്നു കോഴ്സുകൂടി തുടങ്ങുന്നതിനും ഗവൺമെണ്ടു് അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. B. Sc. Botany, Chemistry (Hons.), B. O. L. ഈ കോഴ്സുകളാണ് തുടങ്ങുവാൻ അനുവദിച്ചിട്ടുള്ളതു്. ഈ കൊല്ലംതന്നെ തുടങ്ങണമെന്നാണു് എന്റെ ആഗ്രഹം. ധനസംബന്ധമായ യാതൊരു തകരാറുകളും വരാതിരിക്കുന്നപക്ഷം Botany B. Sc. Chemistry (Hons.), B. O. L. ഈ മൂന്നു കോഴ്സുകളും ഫ്രഫസർ-ലെ കോളേജ് വഷാരംഭത്തോടുകൂടി തുടങ്ങുന്നതിനു ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

അതേമാതിരിതന്നെ കോളേജിൽചേന്നു വിദ്യാഭ്യാസം ചെയ്യുന്നതിനു ആഗ്രഹമുള്ള അനേകം വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു കോളേജിൽ സ്ഥാനം കിട്ടാതെ ബുദ്ധിമുട്ടിവരുന്നതിനെ പരിഗണിച്ചു് ഈ ബഡ്ജറ്റിനെക്കുറിച്ചുള്ള ആലോചന നടക്കുന്ന അവസരത്തിൽതന്നെ കൊച്ചീരാജ്യത്തിന്റെ വടക്കേ അറ്റത്തുള്ള ചിറ്റൂർ താലൂക്കിൽ ഒരു കോളേജു തുടങ്ങുന്നതിനു തീരുമാനിക്കുകയും കോളേജ് തുടങ്ങുന്നതിനു മദ്രാസ്സ് യൂണിവേഴ്സിറ്റിയുടെ അനുവാദം കിട്ടുകയും ചെയ്തിട്ടുണ്ടു്. ഏതാണ്ടു് രണ്ടു മൂന്നു ദിവസത്തിനകം ആ കോളേജിന്റെ പണി തുടങ്ങേണ്ട ആവശ്യത്തിലേക്കു ഒരു സപ്ലിമെണ്ടറി ഗ്രാൻറും ഇവിടെ അവതരിപ്പിക്കുന്നതാണു്. ഇങ്ങിനേയാണു് കോളേജ് വിദ്യാഭ്യാസത്തിന്റെ കഥ.

വളരെക്കാലം സഹായധനം കൂടാതെ നമ്മുടെ നാട്ടിലെ അനേകം പ്രൈമറി സ്കൂളുകൾ വേലചെയ്തുകൊണ്ടിരുന്നു. പല സ്കൂളുകളിലും പുതിയ ക്ലാസ്സുകൾക്കു എയിഡു കൊടുത്തിട്ടില്ല. പല ക്ലാസ്സുകളും അശേഷം എയിഡു കിട്ടാതെ തുരങ്കിക്കേണ്ടിയിരുന്നു. അങ്ങിനെയുള്ള എല്ലാ പ്രൈമറി സ്കൂളുകളും ഫ്രഫസർ ചിങ്ങംമുതൽ എയിഡു ലിസ്റ്റിൽ പെടുത്തുന്നതിനു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടു്. അതിലേക്കുവേണ്ടി ഒന്നിൽചിലപ്പാനം ലക്ഷം ഉറുപ്പിക ഈ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടു്. ഇങ്ങിനെ നോക്കുകയാണെങ്കിൽ ഈ കഴിഞ്ഞ പത്തുപതിനൊന്നു മാസങ്ങൾക്കുള്ളിൽ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിനു ചെയ്തീർക്കുവാൻ സാധിച്ചിട്ടുണ്ടു്. പ്രാധാന്യം കുടിയതു പലതും ഇനി ചെയ്യുവാനുമുണ്ടു്.

ഇൻഡ്യൻ സ്വാതന്ത്ര്യം നാലഞ്ചു ദിവസങ്ങൾക്കുള്ളിൽ പരിപൂർണ്ണമായി കൈവരുന്നതോടുകൂടി നമുക്കു ഏറ്റവും പ്രധാനമായി നേരിടേണ്ട ചില പ്രശ്നങ്ങളുണ്ടു്. ഇംഗ്ലീഷിന്റെ പ്രാധാന്യം ക്രമേണ കുറയുകയും നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദിക്കു പ്രാധാന്യം വർദ്ധിക്കുകയും ചെയ്യുമെന്നതിനു സംശയമില്ല. മദിരാശിവിട്ടു വടക്കോട്ടു പോകുന്നവർക്കു ഹിന്ദിയൊ ഉർദ്ദുവൊ കൂടാതെ കഴിഞ്ഞുകൂടുവാൻ സാദ്ധ്യമല്ല എന്ന നില വന്നിട്ടുണ്ടു്. നാം ചേരുവാൻ തീച്ചയാക്കീട്ടുള്ള ഇൻഡ്യാ യൂണിയന്റെ Constitution ഹിന്ദി ഭാഷയിലാണു് എഴുതുകയെന്നു് Constitutional Assembly പ്രസിഡണ്ടു് പ്രഖ്യാപനം ചെയ്തുകഴിഞ്ഞു. ഇനിമേൽ ഏതു കോൺസ്റ്റിട്ടൂഷനും വഴികാട്ടുന്നതു് Constituent Assembly-യിൽനിന്നുണ്ടാക്കുന്ന ആ കോൺസ്റ്റിട്ടൂഷൻ ആകയാൽ അതിന്റെ ഓരോ വകുപ്പിന്റെയും അർത്ഥവും വ്യാപ്തിയും ഹിന്ദി ഭാഷയിൽ വരാതെ നിവൃത്തിയില്ല. ഇൻഡ്യയിൽനിന്നു അമ്പാസിഡറായി റഷ്യയിലേക്കു പോയിട്ടുള്ള് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, മോസ്കോവിൽ ചെയ്യുന്നതു് ഹിന്ദി ഭാഷയിലായിരിക്കണമെന്നു ഇൻഡ്യാ ഗവൺമെണ്ടു് പറഞ്ഞിട്ടുണ്ടു്. ഇംഗ്ലിഷുകാരുടെ മേധാവിത്വം ഈ രാജ്യത്തുണ്ടായിരുന്നപ്പോൾ ഇംഗ്ലിഷിനു എതു സ്ഥാനമാണൊ ഉണ്ടായിരുന്നതു് അതിനേക്കാൾ ഉപരിയായ സ്ഥാനം ഹിന്ദിക്കുണ്ടാകുവാൻ പോകുന്നു; ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതു് നിർവ്വിവാദമായ സംഗതിയാണു്. അതിനാൽ ഹിന്ദിയുടെ വിദ്യാഭ്യാസ പ്രചാരത്തിനു കൂടുതൽ സ്ഥാനം കൊടുക്കുന്നതിനുള്ള കാര്യവും ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്. ഫസ്റ്റ്-ഫോറമാണ്ടുമുതൽ നമ്മുടെ സ്കൂളുകളിൽ ഒരു കൂട്ടം ഹിന്ദി പണ്ഡിതന്മാർ വേലയെടുത്തിരുന്നു. സർവ്വീസ്സിൽ പെടാതെ ഡിപ്പാർട്ടുമെണ്ടിനുവേണ്ടി ജോലിചെയ്തുകൊണ്ടിരുന്നു. അവർക്കുള്ള ശമ്പളം വളരെ നിസ്സാരമായിരുന്നു. അവർ കൊച്ചി ഗവൺമെണ്ടു സർവ്വീസ്സിൽ പെട്ടവരായിരുന്നില്ല. അങ്ങിനെയുള്ള എല്ലാവർക്കും അവരുടെ റഗുലർ സർവ്വീസ്സ് കൊടുത്തു് സർവ്വീസ്സിലേക്കെടുക്കുന്നതിനു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടു്. അതിനുള്ള സംഖ്യയും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്.

അതുപോലെതന്നെ ഹിന്ദിക്കു വർദ്ധിച്ചുവരുന്ന പ്രാധാന്യത്തെ പരിഗണിച്ചു് കൂടുതൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമനം ചെയ്യുന്നതിനും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ഇങ്ങിനെ വിഷമംപിടിച്ച പല പ്രധാന പ്രശ്നങ്ങളുമുള്ളപ്പോൾ മുൻകൊല്ലങ്ങളിൽ അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സംഖ്യ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിനു വേണ്ടി എന്റെ സഹപ്രവർത്തകന്മാരുടെ സഹായംമൂലം എനിക്കു് ഈ ബഡ്ജറ്റിൽ കൊള്ളിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു അഭിമാനം കൊള്ളുവാൻ സാധിക്കും. ഇനിയും പല വിധത്തിലുള്ള കാര്യങ്ങൾ ചെയ്യുവാനുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങൾ പുതിയതല്ല എന്നു വിചാരിച്ചല്ല പറയുന്നതു്. ഇതുയും കാര്യങ്ങൾ സഭയുടെ അറിവിന്നായി പറഞ്ഞുവെന്നേയുള്ളൂ. ഈ സംഖ്യ അനുവദിച്ചു തരുവാൻ ഞാൻ സഭയോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

(i) Raising of the Narakkal High School into a First grade College

മിസ്റ്റർ എം. ഐ. പോൾ: "To reduce the allotment of Rs. 2,62,233 for Collegiate Education in Demand No. 23 by Re. 1. (To impress upon the Government the necessity to raise the Narakkal Sirkar High School to a First Grade College.)" സർ, ബഹുമാനപ്പെട്ട മന്ത്രി അവർകൾ വിദ്യാഭ്യാസം ശരിപ്പിക്കുന്നതിനുവേണ്ടി ചെയ്യുവരുന്ന അശ്രാന്തപരിശ്രമത്തിൽ ഞാൻ അദ്ദേഹത്തെ ഹൃദയംഗമമായി അനുമോദിച്ചുകൊള്ളുന്നു. എന്നാൽ അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായി ചിറ്റൂരിൽ ഒരു കോളേജു തുടങ്ങുവാൻ പോകുന്നു എന്നു കേട്ടതിൽ ഞാൻ സന്തോഷിക്കുന്നു. അതോടൊപ്പം ഞാറക്കൽ ഒരു സർക്കാർ ഹൈസ്കൂളിനെ സംബന്ധിച്ചു രണ്ടുവാക്കു് പറഞ്ഞുകൊള്ളട്ടെ. ഞാറക്കൽ ഹൈസ്കൂൾ സ്ഥാപിച്ചിട്ടു് ഏതാണ്ടു് നൂറു കൊല്ലം കഴിഞ്ഞിട്ടുണ്ടു്. ആ സ്കൂൾ കേവലം ജനങ്ങളുടെ പ്രയത്നഫലമായി ഉണ്ടാക്കിട്ടുള്ള ഒരു സ്കൂളാണു്. അവരുടെ പണം ചിലവുചെയ്തു് ഗവർമ്മെണ്ടിലേക്കു സൌജന്യമായി വിട്ടുകൊടുത്തിട്ടുള്ള ഒരു ഹൈസ്കൂളാണു് അതു്. വൈപ്പിൻകരയുടെ ഏതാണ്ടു് മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ഒരു സ്കൂളാണതു്. അതിന്റെ കിഴക്കെ കരയിലുള്ള വലിയ കടമക്കുടി, ചെറിയ കടമക്കുടി, പിഴല, മുളവുകാടു് മുതലായ സ്ഥലങ്ങളിൽനിന്നും കുട്ടികൾ വന്നു് അവിടെ പഠിക്കുന്നുണ്ടു്. വൈപ്പിൻകര മറ്റു പ്രദേശങ്ങളിൽനിന്നും വേർതിരിക്കപ്പെട്ടുകിടക്കുന്ന ഒരു കരയാണെന്നു ഗവർമ്മെണ്ടു ധരിക്കണം. വൈപ്പിൻകരയിലും അതിന്നടുത്തുള്ള പ്രദേശങ്ങളിലും നിവസിക്കുന്ന ആളുകൾക്കു ഏറ്റവും അടുത്ത സ്കൂൾ ഞാറക്കൽ ഹൈസ്കൂളാണു്. ഏതാണ്ടു് ൭൫,൦൦൦-ഓളം ജനങ്ങൾ അവിടെ നിവസിക്കുന്നുണ്ടു്. അവരുടെ കുട്ടികൾക്കു വിദ്യാഭ്യസനത്തിന്നു ഏറ്റവും എളുപ്പമായ സ്ഥലം അതുതന്നെയാണു്. ഈവക സ്ഥലങ്ങളിൽനിന്നു ഗവർമ്മെണ്ടു് ഒരു ലക്ഷം ഉറുപ്പികയോളം നികുതി പിരിക്കുന്നുണ്ടു്. അങ്ങിനെയുള്ള സ്ഥിതിക്കു അവിടെ ഒരു കോളേജു് തുറന്നുതരണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഒരുപക്ഷെ ഗവർമ്മെണ്ടു് ഇപ്പോഴത്തെ പരിതഃസ്ഥിതിവെച്ചു് അതിനുള്ള പണമില്ലെന്നു പറഞ്ഞേക്കാം. എങ്കിലും ഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസം ശരിപ്പിക്കുന്ന പരിപാടി ഈ സ്ഥലത്തെ സംബന്ധിച്ചു് ഏറ്റവും കാര്യമായി പ്രവൃത്തിക്കണമെന്നു ഞാൻ ഗവർമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. എന്നാൽ ഈ കാര്യത്തിന്നു ഗവർമ്മെണ്ടു പുറപ്പെടുന്നപക്ഷം ജനങ്ങളും അതിനോടു സഹകരിച്ചു് വേണ്ടതു പണം പിരിച്ചു് ഗവർമ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തുന്നതിനും തയ്യാറാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും ഗവർമ്മെണ്ടും ഇതിനെ അനുകൂലിക്കുമെന്ന വിശ്വാസത്തോടുകൂടി ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊച്ചിരാജ്യത്തിന്റെ ഇന്നത്തെ നിലയ്ക്കു കൊച്ചിയിലെ ഏതു ഗ്രാമത്തിൽപോലും കോളേജു് തുടങ്ങുന്നതിനുള്ള ആവശ്യം വഹിച്ചിട്ടുണ്ടു്. ഞാറയ്ക്കലെപോലെയുള്ള കൂടുതൽ ജനങ്ങൾ പാർക്കുന്ന ഒരു ദിക്കിൽ അതിന്റെ ആവശ്യമുണ്ടോ എന്നതിൽ ആലോചിക്കാനില്ല. പക്ഷെ എനിക്കു ഒന്നു മാത്രമാണു ഈ സഭയെ ധരിപ്പിക്കാനുള്ളതു്. ഇപ്പോൾ ചിറ്റൂരിൽ ഒരു കോളേജും തൃശ്ശിവപേരൂരിൽ കേരളവർമ്മാ കോളേജും പുതിയതായി തുടങ്ങുവാൻപോകുന്നതു് ഉൾപ്പടെ കൊച്ചിയിൽ ൯ കോളേജുകളുണ്ടു്. ഇനി മട്ടാഞ്ചേരിയിൽ ഒന്നു തുടങ്ങുന്നുണ്ടെന്നും അറിയുന്നു. അതുംകൂടി കണക്കാക്കിയാൽ കൊച്ചിരാജ്യത്തിൽ ൧൦ കോളേജുകളാകും. ൧,൪൦൦ ചതുരശ്ര നാഴികമാത്രം വിസ്താരമുള്ള കൊച്ചിരാജ്യത്തിൽ പത്തു കോളേജുകളുണ്ടെന്നു പറ

*Speech not corrected by the Hon'ble Minister.

LIBRARY ARCHIVES Kerala Legislative Assembly